പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2468 | 19.03.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

## പച്ചക്കറികളിലെ കീടനാശിനി പ്രയോഗം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ<br>" പി.സി. ജോർജ്.<br>" ഡോ. എൻ . ജയരാജ്<br>" എം.വി.ശ്രേയാംസ് കുമാർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കീടനാശിനി പ്രയോഗിച്ച പച്ചക്കറികളുടെ ഉപയോഗം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കമോ; | എ) | പച്ചക്കറികളിൽ കീടനാശിനികളുടെ ഉപയോഗം കണ്ടെത്തിയ സാഹചര്യത്തിൽ, ബഹു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന അടിയന്തിരയോഗത്തിൽ എടുത്ത തീരുമാനങ്ങൾ അനുസരിച്ച്, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച്, അവ, കാർഷിക സർവകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധിക്കുവാനുള്ള നിർദ്ദേശം നൽകി കഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധന ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ, നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടി അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം വില്പനനികുതി വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ, ദക്ഷിണേൻഡ്യയിലുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) | വിഷാംശമുള്ള പച്ചക്കറികൾ ഉപയോഗിക്കുന്നതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ എന്തെല്ലാമാണ്; | ബി) | ഇക്കാര്യം പഠന വിധേയമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| സി) | അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പച്ചക്കറികളിലെ കീടനാശിനിയുടെ സാന്നിധ്യം ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കുന്നതിന് വില്പന നികുതി വകുപ്പിന്റെ സഹായം തേടിയിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | ഇത് സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഭാഗത്തു നിന്ന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്? | ഡി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പച്ചക്കറികൾ നിയമപ്രകാരം ശേഖരിച്ച്, അവ കാർഷികസർവകലാശാലയുടെ പെസ്റ്റിസൈഡ് റെസിഡ്യു ടെസ്റ്റിംഗ് ലാബിൽ അയച്ച് പരിശോധിക്കുവാനുള്ള നിർദ്ദേശം ഇതിനകം നൽകി കഴിഞ്ഞു. ഇവിടെ നിന്നും ലഭിക്കുന്ന പരിശോധന ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം വില്പനനികുതി വകുപ്പിന്റെ സഹായത്തോടുകൂടി കണ്ടെത്തി ആ വിവരം അതാതു സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർ മാരുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ദക്ഷിണേൻഡ്യയിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ യോഗം വിളിക്കാനും പ്രശ്നം ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ